# മൂത്രാശയ കല്ലുകൾക്കായുള്ള ശസ്ത്രക്രിയക്ക് ശേഷം രോഗികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

**ഓപ്പറേഷൻ ദിവസം**

ഓപ്പറേഷനുശേഷം രോഗിയുടെ കൂടെ ഒരാൾ മാത്രമേ ഉണ്ടാകുവാൻ പാടുള്ളു. രോഗിയെ സന്ദർശിക്കാൻ വരുന്നവർ ചെറിയ കുട്ടികളെ കൊണ്ടുവരുന്നത് ഒഴിവാക്കേണ്ടതാണ്.

പൂർണ്ണമായി ബോധം തെളിയുന്നതുവരെ രോഗിയെ കൂടെയുള്ളവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

നന്നായി ബോധം തെളിഞ്ഞതിനുശേഷം (ഏകദേശം 6 മണിക്കൂർ) മാത്രമേ രോഗിക്ക് ഭക്ഷണം കൊടുത്ത് തുടങ്ങാവൂ.

ആദ്യം തെളിഞ്ഞ വെള്ളവും, ഛർദ്ദി, മറ്റ് അസ്വസ്ഥതകൾ എന്നിവ ഒന്നും തന്നെയില്ലെങ്കിൽ പിന്നീട് ലഘുവായ ഭക്ഷണവും കൊടുക്കാവുന്നതാണ്.

ഡ്രിപ്പ് പോകുന്ന രോഗികളിൽ ചിലപ്പോൾ പനിയോ, വിറയലോ ഉണ്ടാകുവാനുള്ള സാധ്യതയുണ്ട്.

ഓപ്പറേഷൻ കഴിയുന്ന ദിവസം രോഗിക്ക് പൂർണ്ണ വിശ്രമം ആവശ്യമാണ്. നട്ടെല്ലിനു കുത്തി മരവിപ്പിച്ചിട്ടുള്ള (സ്പൈനൽ അനസ്തേഷ്യ നൽകിയിട്ടുള്ള) രോഗികൾ തലയിണ ഇല്ലാതെ



നിവർന്ന് കിടക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

കത്തീറ്റർ ഉള്ള രോഗികൾക്ക് അതിലൂടെ രക്തം കലർന്നുള്ള മൂത്രം പോകുന്നത് സാധാരണമാണ്.

കത്തീറ്റർ മാറ്റിയതിനുശേഷം മൂത്രമൊഴിക്കുമ്പോൾ ചിലപ്പോൾ വേദനയും, പുകച്ചിലും, മൂത്രത്തിൽ രക്തത്തിന്റെ അംശവും കാണാൻ സാധ്യതയുള്ളതിനാൽ രോഗികൾ ധാരാളം വെള്ളം കുടിക്കേണ്ടതാണ്.

**ഡിസ്ചാർജ്ജിനുശേഷം**

രോഗിയെ ഡിസ്ചാർജ്ജ് ചെയ്യുമ്പോൾ, ഡിസ്ചാർജ്ജ് സമ്മറി നിർബന്ധമായും വാങ്ങേണ്ടതാണ്. വാർഡ് നഴ്സ് നല്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധയോടെ കേൾക്കേണ്ടതും പാലിക്കേണ്ട തുമാണ്.

**1.വിശ്രമം**

*URS, ESWL എന്നീ ചികിത്സ കഴിഞ്ഞ രോഗികൾ*

ഓപ്പറേഷനുശേഷമുള്ള രണ്ട് ദിവസങ്ങളിൽ രോഗിക്ക് പൂർണ്ണ വിശ്രമം ആവശ്യമാണ്. ഇതിനുശേഷം ഇവർക്ക് ആയാസ കരമായ ജോലികൾ ചെയ്യാവുന്നതുമാണ്.

സ്പൈനൽ അനസ്തേഷ്യ നല്കി ഓപ്പറേഷൻ നടത്തിയിട്ടുള്ള രോഗികൾ തലയിണയുടെ ഉപയോഗം രണ്ട് ദിവസത്തേക്ക് ഒഴിവാക്കേണ്ടതാണ്. അനസ്തേഷ്യയുടെ പാർശ്വഫലങ്ങളായ തലവേദന, നടുവേദന എന്നിവ ഒഴിവാക്കാൻ ഇത് ഉപകരിക്കും.



*PCNL കഴിഞ്ഞ രോഗികൾ*

ഓപ്പറേഷനുശേഷം രണ്ട് ആഴ്ചത്തേക്ക് രോഗിക്ക് പൂർണ്ണവിശ്രമം ആവശ്യമാണ്.

രണ്ട് ആഴ്ചക്കുശേഷം മാത്രമേ ലഘുവായ ജോലികൾ ചെയ്ത് തുടങ്ങാവൂ.

ആയാസകരമായ ജോലികൾ, അടിക്കടിയുള്ള സ്റ്റെപ്പ് കയറൽ, ബൈക്ക് യാത്ര, സൈക്കളിന്റെ ഉപയോഗം എന്നിവ ശസ്ത്രക്രിയക്കുശേഷം നാല് ആഴ്ചത്തേക്ക് ഒഴിവാക്കേണ്ടതാണ്.

**2.ഭക്ഷണക്രമീകരണം**

ദിവസേന 2-3 ലിറ്റർ വെള്ളം, രോഗി കുടിക്കേണ്ടതാണ്. അമിതമായി വിയർക്കേണ്ട ജോലി ചെയ്യുന്നവർക്ക് ഇതിലും അധികം വെള്ളം ആവശ്യമായി വരും

മൂത്രാശയകല്ലുകളുടെ നിയന്ത്രണത്തിനു വേണ്ട ഭക്ഷണരീതികൾ രോഗികൾ പാലിക്കേണ്ടതാണ്.

മദ്യപാനം, പുകവലി, മറ്റു ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം എന്നിവ പൂർണ്ണമായും വർജ്ജിക്കണം.

**3.മരുന്നുകൾ**

ആന്റിബയോട്ടിക് മരുന്നുകളും മറ്റും ഡോക്ടർ നിർദ്ദേശി ച്ചിരിക്കുന്ന അളവിൽ തന്നെ നിർബന്ധമായും കഴിക്കേണ്ടതാണ്.



പ്രഷർ, ഷുഗർ, ഹൃദയ സംബന്ധമായ രോഗങ്ങൾ, നിലവിലുള്ള മറ്റ് അസുഖങ്ങൾ എന്നിവയക്ക് രോഗി കഴിച്ചിരുന്ന മരുന്നുകൾ മുടങ്ങാതെ തന്നെ കഴിക്കേണ്ടതാണ്.

ചില രോഗികളിൽ ശസ്ത്രക്രിയക്ക് മുൻപ് താല്കാലികമായി നിർത്തിവച്ചിരുന്ന ആന്റികൊയാഗുലന്റ് മരുന്നുകൾ, ശസ്ത്രക്രിയ കഴിഞ്ഞ് ഡോക്ടർ നിർദ്ദേശിക്കുന്ന സമയത്ത് തുടർന്ന് കഴിക്കാവുന്നതാണ്.

**4.പാർശ്വഫലങ്ങൾ**

ശസ്ത്രക്രിയാനന്തരം സ്റ്റെന്റ് (stent) നിക്ഷേപിച്ചിട്ടുള്ള രോഗികളിൽ മൂത്രം പോകുമ്പോൾ വേദന, അടിക്കടി മൂത്രം പോകണമെന്ന തോന്നൽ, പുകച്ചിൽ, രക്തമയം കലർന്നുള്ള മൂത്ര വിസർജ്ജനം, വയറിന്റെ ഇരുവശങ്ങളിലുമുള്ള വേദന തുടങ്ങിയവ കണ്ട് വരാറുണ്ട്.

ചെറിയ തോതിലുള്ള പനി, വിറയൽ എന്നിവ, ലഘുവായ അണുബാധയുടെ ലക്ഷണങ്ങൾ ആണ്. സാധരണയായി പാരാസെറ്റമോൾ ഗുളിക കഴിക്കയും ധാരാളം വെള്ളം കുടിക്കുകയും ചെയ്താൽ ഇത്തരം രോഗ ലക്ഷണങ്ങൾക്ക് ശമനം ലഭിക്കുന്നതാണ്.

വിട്ടുമാറാത്ത പനി, വിറയൽ, അമിതമായുള്ള രക്തം കലർന്ന മൂത്രം പോക്ക് എന്നിവ ഉണ്ടായാൽ ഡോക്ടറെ സമീപിക്കേണ്ടതാണ്.

എന്നാൽ ഇത്തരത്തിലുള്ള ലക്ഷണങ്ങൾക്ക് സ്റ്റെന്റ് എടുത്ത് മാറ്റുമ്പോൾ മാത്രമേ പൂർണ്ണമായും പരിഹാരം ലഭിക്കുകയുള്ളു.

ജഇചഘ കഴിഞ്ഞ ചില രോഗികളിൽ മുറിവിലൂടെയുള്ള മൂത്രത്തിന്റെ ചോർച്ച (Leak) ഉണ്ടായേക്കാവുന്നതാണ്. രണ്ടാഴ്ചക്കുശേഷവും ചോർച്ച നിൽക്കാത്ത പക്ഷം ഡോക്ടറെ സമീപിക്കേണ്ടതാണ്.

**5.തുടർ ചികിത്സ**

ഡോക്ടറെ കാണാൻ വരുമ്പോൾ ആശുപത്രിയിൽ നിന്നും നല്കിയിട്ടുള്ള ഡിസ്ചാർജ്ജ് സമ്മറിയും മറ്റ് പരിശോധന റിപ്പോർട്ടുകളും നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.

ചികിത്സ കഴിഞ്ഞ് ഉദ്ദേശം 4 ആഴ്ചയ്ക്ക് ശേഷമോ ഡോക്ടർ നിർദ്ദേശിക്കുന്ന ദിവസമോ യൂറോളജി വി ാഗം ഒ.പി യിൽ വന്ന് ഡോക്ടറെ കാണേണ്ടതാണ്.

ഒ.പി യിൽ വരുന്നതിനു മുൻപായി ഡോക്ടർ നിർദ്ദേശിച്ചിട്ടുള്ള സ്കാനിങ്, എക്സ് റേ എന്നി പരിശോധനകൾ നടത്തി അവയുടെ റിപ്പോർട്ടുകളുമായി വേണം രോഗി വരേണ്ടത്.

ഡോക്ടറെ കണ്ടതിനുശേഷം ഡോക്ടർ നിർദ്ദേശിക്കുന്ന ദിവസം, സ്റ്റെന്റ് ഉള്ള രോഗികൾ അവ നീക്കം ചെയ്യുന്നതിനായി രാവിലെ വാർഡിൽ അഡ്മിറ്റാകേണ്ടതാണ്.

സ്റ്റെന്റ് നീക്കം ചെയ്യാൻ വരുന്ന ദിവസം രോഗി ക്ഷണമോ



പാനീയങ്ങളോ ഒഴിവാക്കി വെറുംവയറ്റിൽ വേണം ആശുപത്രിയിൽ വരേണ്ടത്.

ഓപ്പറേഷൻ തിയറ്ററിലേക്ക് രോഗിയെ കൊണ്ടുപോകുമ്പോൾ രോഗിയുടെ കൈവശം മേൽപറഞ്ഞ റിപ്പോർട്ടുകൾ എല്ലാം തന്നെ വയ്ക്കേണ്ടതാണ്.

ചികിത്സയെക്കുറിച്ചും മറ്റുമുള്ള വിവരങ്ങൾക്ക് ഫോണിലൂടെ ബന്ധപ്പെടാതെ ഡോക്ടറെ നേരിട്ട് വന്നു കാണുകയോ, ചികിത്സിച്ച വാർഡിൽ വന്ന് അന്വേഷിക്കുകയോ, കാഷ്യാലിറ്റി മെഡിക്കൽ ഓഫീസറെ വന്നു കാണുകയോ ചെയ്യേണ്ടതാണ്.

**Dr. KRISHNA MOORTHY**
CONSULTANT UROLOGIST